<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 242</u> <u>11-03-2025 - ൽ മറുപടിയ്ക്ക്</u>

<u>ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2023 നവംബർ 16 ൽ വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി സർക്കാരിന്റെ കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും, സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവിധ സ്റ്റാർട്ടപ്പ് പദ്ധതികളും അവതരിപ്പിക്കപ്പെട്ടിരുന്നു.<br><br>സർക്കാർ പദ്ധതികളിൽ ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ/എന്റർടെയിൻമെന്റ് സെന്റർ പദ്ധതി, ബേക്കൽ ചെമ്പരിക്കയിലെ ഫൈവ് സ്റ്റാർ റിസോർട്ട് പദ്ധതി, പള്ളിക്കരയിലെ ബേക്കൽ ടൂറിസം സെന്റർ എന്നിങ്ങനെ മൂന്ന് പദ്ധതികൾക്ക് നിക്ഷേപകരെ കണ്ടെത്തുകയും പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വകാര്യ നിക്ഷേപകർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബേക്കൽ ചെമ്പരിക്കയിലെ ഫൈവ്സ്റ്റാർ റിസോർട്ട് പദ്ധതി 250 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന പദ്ധതിയാണ്. ആദ്യ ഘട്ടത്തിൽ 150 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുമെന്ന വാഗ്ദാനമാണ് ലഭിച്ചിട്ടുള്ളത്. ബേക്കൽ ടൂറിസം വില്ലേജ് പദ്ധതിയിൽ 150 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ബേക്കൽ ടൂറിസം സെന്റർ പദ്ധതിയിൽ 30 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷിക്കുന്നു.<br><br>ഇത് കൂടാതെ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ, ആലപ്പുഴ മുഹമ്മയിലെ ലക്ഷ്വറി റിസോർട്ട് പദ്ധതി കണ്ണൂർ വിമാനത്താവളത്തിന് സമീപത്തെ ലക്ഷ്വറി ഹോട്ടൽ പദ്ധതി എന്നിങ്ങനെ രണ്ട് പദ്ധതികൾക്കായി, വിനോദസഞ്ചാര വകുപ്പ്, താമര ലിഷർ എക്സ്പീരിയൻസ് പ്രൈവറ്റ് ലിമിറ്റഡ് - എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ ധാരണാപത്രവും ഒപ്പുവച്ചിരുന്നു. ഈ രണ്ട് |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെയും കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയാണ്. |
| (ബി) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിലെ പദ്ധതികൾ പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ ഫെസിലിറ്റേറ്ററി സപ്പോർട്ട് ആണ് ടൂറിസം വകുപ്പ് വഴി നൽകിവരുന്നത്. ഇതിന്റെ ഭാഗമായി ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക ഓഫീസ് തുറന്നിട്ടുണ്ട്. ഇത് കൂടാതെ വിവിധ പദ്ധതികൾ തയ്യാറാക്കൽ, അവലോകനം, സ്വകാര്യ നിക്ഷേപരെ കണ്ടെത്തുന്നതിനുള്ള നടപടികൾ എന്നിവയ്ക്ക് ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>ആലപ്പുഴ ഹെറിറ്റേജ് റസ്റ്റോറന്റ് പദ്ധതി, ഉരു മോഡൽ ടൂറിസം പദ്ധതി എന്നിവയ്ക്കായി സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റുകൾ (EOI) ക്ഷണിച്ചിട്ടുണ്ട്. സർക്കാർ ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളിൽ ഭൂമിയുടെ സർവ്വേ നടപടികൾ, മൂല്യ നിർണ്ണയം മുതലായവ നടന്നു വരികയാണ്. |
| (സി) | പദ്ധതികൾ തടസ്സമില്ലാതെ ആരംഭിക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്, ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട സ്വകാര്യ പദ്ധതികൾക്കുള്ള വിവിധ അനുമതികൾക്കായി കേരള സർക്കാരിനു കീഴിലുള്ള സംവിധാനമായ K-SWIFT പോർട്ടൽ വഴിയാണ് സൗകര്യമൊരുക്കുന്നത്. |
| (ഡി) | ട്രാവൽ, ഹോസ്പിറ്റാലിറ്റി മേഖലകൾ നവീകരിക്കുന്നതിനുതകുന്ന പദ്ധതികൾക്ക് നിക്ഷേപം സമാഹരിക്കാൻ എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ടൂറിസം നിക്ഷേപക സംഗമത്തിൽ ഒപ്പുവച്ച ആലപ്പുഴ മുഹമ്മയിലെ ലക്ഷ്വറി റിസോർട്ട് പദ്ധതി, കണ്ണൂർ വിമാനത്താവളത്തിന് സമീപത്തെ ലക്ഷ്വറി ഹോട്ടൽ പദ്ധതി എന്നിങ്ങനെ 250 കോടിയുടെ പദ്ധതികൾ ഹോസ്പിറ്റാലിറ്റി മേഖലയിൽ ഉള്ള പദ്ധതികൾ ആണ്.<br><br>കൂടാതെ സർക്കാർ ഭൂമി ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളായ ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ / എന്റർടെയിൻമെന്റ് സെന്റർ പദ്ധതി, ബേക്കൽ ചെമ്പരിക്കയിലെ ഫൈവ് സ്റ്റാർ റിസോർട്ട് പദ്ധതി, പള്ളിക്കരയിലെ ബേക്കൽ ടൂറിസം സെന്റർ എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വകാര്യ നിക്ഷേപകർ തയ്യാറാക്കി വരികയാണ്.<br><br>ഇതു കൂടാതെ കാരവൻ ടൂറിസം, ഹെലിടൂറിസം, സ്പോർട്സ് ടൂറിസം, ക്രൂയിസ്/യാട്ട് ടൂറിസം, തുടങ്ങിയ |

| | | | |
|---|---|---|---|
| | | | മേഖലകളിലും ലെറ്റർ ഓഫ് ഇന്റെന്റുകൾ (LOI) ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ